**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **10-02-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ വൈദ്യുതി സെക്ഷനുകളുടെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒരു ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കാൻ വേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000ൽ അധികമാ വുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാ വുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. സെക്ഷൻ ഓഫീസിൽ പോകാതെ തന്നെ വൈദ്യുതി ബിൽ അടയ്ക്കുന്നതിനു വിവിധങ്ങളായ സൗകര്യ ങ്ങൾ ഏർപ്പെടുത്തിയും വൈദ്യുതി കണക്ഷനുകൾ ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും വൈദ്യുതി സംബ ന്ധമായ എല്ലാ പരാതികളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം തുടങ്ങിയവ നൽകിയതിനാൽ സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിന് ഇപ്പോൾ പ്രത്യേകമായ മാനദണ്ഡം നിലവിലില്ല . |
| (ബി) | ഈ മാനദണ്ഡപ്രകാരം കാസർഗോഡ് നിയോജകമണ്ഡലത്തിൽ വിഭജിക്കപ്പെടേണ്ട സെക്ഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000ൽ അധികമാ വുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാ വുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. സെക്ഷൻ ഓഫീസിൽ പോകാതെ തന്നെ വൈദ്യുതി ബിൽ അടയ്ക്കുന്നതിനു വിവിധങ്ങളായ സൗകര്യ ങ്ങൾ ഏർപ്പെടുത്തിയും വൈദ്യുതി കണക്ഷനുകൾ ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും വൈദ്യുതി സംബ |

| | | | |
|---|---|---|---|
| | | | ന്ധമായ എല്ലാ പരാതികളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം തുടങ്ങിയവ നൽകിയതിനാൽ സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിന് ഇപ്പോൾ പ്രത്യേകമായ മാനദണ്ഡം നിലവിലില്ല . |
| (സി) | വിഭജിക്കാൻ ആവശ്യമായ ഉപഭോക്താക്കൾ ഉണ്ടെങ്കിലും സെക്ഷനുകൾ വിഭജിക്കപ്പെടാതെ അനന്തമായി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കു ന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോ ഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധി തമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽസ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപി-ക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പുതിയ കണക്ഷനു കൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി മാത്രം സ്വീകരിക്കു ന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി യിട്ടുണ്ട്. വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, ഏർപ്പെടുത്തിയിട്ടുണ്ട്. സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ. ബി.എൽ ലിമിറ്റഡിൽ നടന്നു വരുന്നുണ്ട്. ആയതിനാൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പുതുതായി സെക്ഷൻ ആരംഭിക്കണമെങ്കിൽ അതിനുവേണ്ടി വരുന്ന ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) | പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനു വേണ്ടി വരുന്ന ചെലവിൽ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, സെക്ഷൻ ഓഫീസിലേക്ക് വേണ്ടി വരുന്ന വണ്ടിയുടെ വാടക, കെട്ടിടത്തിന്റെ വാടക, മറ്റു അഡ്മിനിസ്ട്രേറ്റീവ് & ജനറൽ ചെലവുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതു ഓരോ സെക്ഷൻ ഓഫീസും സ്ഥിതി ചെയ്യുന്ന പ്രദേശത്തിനനുസരിച്ച് വ്യത്യസ്തമായതിനാൽ ചെലവ് എത്രയാണെന്നു കൃത്യമായി പറയാൻ സാധിക്കുകയില്ല. എന്നിരുന്നാലും ഉദ്ദേശം 22 ലക്ഷം രൂപ ശമ്പളയിനത്തിലും വണ്ടി, ഓഫീസ് എന്നിവയുടെ വാടക ഇനത്തിലും മാത്രം ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ